## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5757** **25-03-2025 - ൽ മറുപടിയ്ക്ക്**

## ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അനൂപ് ജേക്കബ് | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സാമ്പത്തിക ബുദ്ധിമുട്ട് തരണം ചെയ്യുവാൻ നിശ്ചയിച്ച ചെലവ് ചുരുക്കൽ നിർദ്ദേശങ്ങൾ എന്തെല്ലാമെന്നും പ്രസ്തുത നിർദ്ദേശങ്ങൾ പ്രകാരം എത്ര തുകയുടെ ചെലവ് ചുരുക്കാൻ നാളിതുവരെ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ; | (എ) | കേന്ദ്ര സർക്കാരിന്റെ ഭാഗത്തു നിന്നുള്ള നടപടികളുടെ ഭാഗമായി വായ്പ അടക്കമുള്ള സർക്കാർ വരവിൽ ഭീമമായ കുറവ് ഉണ്ടായിട്ടുണ്ട്. തത്ഫലമായി ഗുരുതരമായ പണഞെരുക്കം സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. ടി പണ ഞെരുക്കം പരിഹരിക്കുന്നതിന് വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. നികുതി പിരിവ് ഊർജ്ജിതപ്പെടുത്തിയും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും മുമ്പോട്ട് പോകുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത നയം. ഇതിന്റെ ഭാഗമായി വരുമാനം ഉയർത്തുന്നതിനോടൊപ്പം ആവർത്തന സ്വഭാവമുള്ള വിവിധ ഇനം ഭരണ ചെലവുകൾക്ക് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ഓരോ സാമ്പത്തിക വർഷത്തിലും ചെലവ് ചുരുക്കൽ നടപടികളുടെ ഭാഗമായി എത്ര തുക ലാഭിച്ചുവെന്ന് കണക്കാക്കുന്നത് പ്രായോഗികമല്ല. |
| (ബി) | നോൺ-പ്ലാൻ ചെലവുകൾ ബജറ്റിനുള്ളിൽ തന്നെ നിർത്തേണ്ടതാണെന്ന നിർദ്ദേശം നാളിതുവരെ ഏതെല്ലാം വകുപ്പുകളിൽ നടപ്പാക്കാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ; | (ബി) | വിഭവ ലഭ്യതയ്ക്കനുസൃതമായി ബജറ്റിനുള്ളിൽ തന്നെ ചെലവ് ക്രമീകരിക്കുന്നതിനും സാമ്പത്തിക വർഷത്തിന്റെ അവസാന പാദത്തിൽ അനിയന്ത്രിതമായ തോതിൽ ചെലവുണ്ടാക്കുന്നത് ഒഴിവാക്കുന്നതിനുമായി സാമ്പത്തിക വർഷത്തിന്റെ ഓരോ പാദത്തിലും ചെലവ് ശീർഷകങ്ങൾക്ക് പരിധി നിർണ്ണയിക്കാറുണ്ട്. ഏതെങ്കിലും ധനാഭ്യർത്ഥനകളിൽ ബജറ്റ് വിഹിതത്തിനുപരിയായി ചെലവ് മുൻകൂട്ടി പ്രതീക്ഷിക്കുന്ന വേളയിൽ പ്രസ്തുത ചെലവിനുള്ള തുക ഉപധനാഭ്യർത്ഥനകൾ വഴി വകയിരുത്തുകയോ ക്രമീകരിക്കുകയോ ചെയ്യാറുണ്ട്. അതുകൊണ്ട് ആകസ്മികവും, അപ്രതീക്ഷിതവുമായ ഘട്ടങ്ങൾ ഒഴികെ ബജറ്റ് വിഹിതത്തിനുള്ളിൽ തന്നെയാണ് ചെലവുകൾ വഹിക്കാറുള്ളത്. |

| | | | |
|---|---|---|---|
| (സി) | വിദേശയാത്രകൾ സംബന്ധിച്ച ചെലവ് ചുരുക്കൽ നിർദ്ദേശപ്രകാരം അനുമതി നിഷേധിച്ച വിദേശയാത്രകൾ ആരുടെയെല്ലാമെന്ന് വ്യക്തമാക്കുമോ; ചെലവ് ചുരുക്കൽ നിർദ്ദേശം വന്നതിനുശേഷം ആരൊക്കെ വിദേശയാത്ര നടത്തിയെന്നും അതുവഴി ഖജനാവിന് വന്ന നഷ്ടം എത്രയെന്നും വ്യക്തമാക്കുമോ; | (സി) | വിവിധ സർക്കാർ വകുപ്പുകൾ, പൊതുമേഖലാസ്ഥാപനങ്ങൾ, ഗ്രാന്റ്-ഇൻ-എയിഡ് സ്ഥാപനങ്ങൾ തുടങ്ങിയവയിലെ ജീവനക്കാർക്ക് ഔദ്യോഗിക ആവശ്യങ്ങളുടെ ഭാഗമായി നിലവിലുള്ള വ്യവസ്ഥകൾക്കും നടപടി ക്രമങ്ങൾക്കും വിധേയമായി വിദേശയാത്ര നടത്തുന്നതിന് നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. |
| (ഡി) | പ്രസ്തുത ചെലവ് ചുരുക്കൽ നിർദ്ദേശം പ്രഖ്യാപിച്ചശേഷം ഏതെല്ലാം സർക്കാർ വകുപ്പുകൾ/ സ്ഥാപനങ്ങൾ/പൊതുമേഖലാ സ്ഥാപനങ്ങൾ തുടങ്ങിയവ ധനകാര്യ വകുപ്പിന്റെ അനുമതിയോടെ എത്ര വാഹനങ്ങൾ, എത്ര തുകയ്ക്ക് വാങ്ങിയെന്ന് വ്യക്തമാക്കുമോ; | (ഡി) | പുതിയ വാഹനങ്ങൾ വാങ്ങുന്നതിന് നിലവിൽ നിയന്ത്രണമുണ്ട്. ഒഴിച്ചുകൂടുവാനാവാത്ത സന്ദർഭങ്ങളിൽ വാഹനങ്ങൾ വാങ്ങുന്നതിന് ഉചിതതലത്തിൽ അനുമതി അനിവാര്യമാണ്. അത്തരം കേസുകളിൽ ധനകാര്യ വകുപ്പിൽ ലഭിക്കുന്ന പ്രൊപ്പോസലുകളിൽ വകുപ്പിന്റെ കൃത്യമായ അഭിപ്രായം നൽകാറുണ്ട്. പുതിയ വാഹനം വാങ്ങാൻ അനുമതി ലഭിക്കുന്നവയിൽ അന്തിമ അനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. അതുകൊണ്ടു തന്നെ വാങ്ങിയ എല്ലാ വാഹനങ്ങളുടെയും വിശദ വിവരങ്ങൾ ധനവകുപ്പിൽ ലഭ്യമാകണമെന്നില്ല. |
| (ഇ) | സംസ്ഥാനത്ത് നികുതി-നികുതിയേതര വരുമാന വർദ്ധനവിന്റെ ആവശ്യകത നിലനിൽക്കുമ്പോൾ ഈ നടപ്പുവർഷം വകുപ്പ് ശിപാർശ നൽകിയതിന്റെ അടിസ്ഥാനത്തിൽ നികതി-നികുതിയേതര ഇനങ്ങളിൽ എത്ര പേർക്ക് എത്ര തുകയുടെ ഉപാധിരഹിത സ്റ്റേ അനുവദിച്ചിട്ടുണ്ട്; വ്യക്തമാക്കുമോ? | (ഇ) | നികുതി- നികുതിയേതര ഇനങ്ങളിൽ ഉപാധിരഹിത സ്റ്റേ അനുവദിച്ച് നൽകുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. പ്രസ്തുത വിവരങ്ങൾ ഈ വകുപ്പിൽ ക്രോഡീകരിച്ച് സൂക്ഷിച്ച് വരുന്നില്ല. |

സെക്ഷൻ ഓഫീസർ